**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| | |
|---|---|
| **മേയ് 10** <br> **May 10** | **2019** |

*1193 മേടം 26* വെള്ളി

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

## സെക്കൻഡറി തലം: ജില്ലാ റിസോഴ്സ് ഗ്രൂപ്പ് ശില്പശാല ആരംഭിച്ചു

അവധിക്കാല സെക്കൻഡറിതല അധ്യാപക ശില്പശാലയുടെ മുന്നോടിയായുള്ള ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനം തിരുവല്ല ഡയറ്റിൽ ആരംഭിച്ചു. ശില്പശാല നാലു ദിവസം നീണ്ടുനില്ക്കും. വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ.ശാന്തമ്മ ശില്പശാല ഉദ്ഘാടനം ചെയ്തു. ഡയറ്റ് പ്രിൻസിപ്പൽ പി.ലാലിക്കുട്ടി, സമഗ്രശിക്ഷ ജില്ലാ പ്രോജക്ട് ഓഫീസർ ഡോ.ആർ.വിജയമോഹനൻ, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർ ജി. ഉഷ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ജില്ലാ കോ-ഓർഡിനേറ്റർ എസ്. രാജേഷ്, ഡയറ്റ് ഫാക്കൽറ്റി പി.ആർ.രാജേന്ദ്രൻ എന്നിവർ പങ്കെടുത്തു.

ജില്ലയിലെ രണ്ട് വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി 120 റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങളാണ് ശില്പശാലയിൽ സംബന്ധിക്കുന്നത്. എട്ട്, ഒൻപത് ക്ലാസുകളിലെ പാഠപുസ്തകങ്ങളിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ പശ്ചാത്തലത്തിൽ ഏറ്റെടുത്ത് നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസം, പഠനമികവ് ഉയർത്താനുള്ള തന്ത്രങ്ങൾ, നൂതനാശയ പ്രവർത്തനങ്ങൾ, ഗവേഷണാത്മക അധ്യാപനം എന്നിവയെ കേന്ദ്രീകരിച്ചാണ് സെക്കൻഡറിതല ശില്പശാല സംഘടിപ്പിക്കുന്നത്.

രണ്ടു ഘട്ടങ്ങളിലായാണ് അധ്യാപക ശില്പശാല സംഘടിപ്പിച്ചിട്ടുള്ളത്. ഒന്നാംഘട്ടം മേയ് 13 മുതൽ 16 വരെയും രണ്ടാംഘട്ടം മേയ് 17 മുതൽ 21 വരെയും നടക്കും. തിരുവല്ല,

പത്തനംതിട്ട വിദ്യാഭ്യാസ ജില്ലകളിലായി ആകെ 26 കേന്ദ്രങ്ങളാണ് ഇതിനായി സജ്ജീകരിച്ചിട്ടുള്ളത്. (പിഎന്‍പി 1117/19)

## ജില്ലയില്‍ മഴക്കാലപൂര്‍വ ശുചീകരണത്തിന് ഉജ്ജ്വല തുടക്കം
## കളക്ടറേറ്റ് ശുചിയാക്കാന്‍ തൂമ്പയെടുത്ത് കളക്ടര്‍;
## ഒപ്പം ആവേശത്തോടെ ജീവനക്കാരും

കളക്ടറേറ്റിനെ ക്ലീനാക്കാന്‍ തൂമ്പയെടുത്ത് ജില്ലാ കളക്ടര്‍ പി.ബി. നൂഹ് രംഗത്തിറങ്ങിയപ്പോള്‍ ആവേശത്തോടെ ജീവനക്കാരും ഒപ്പംചേര്‍ന്നു. ഒത്തൊരുമയോടെ നടത്തിയ ശുചീകരണപ്രവര്‍ത്തനം വൈകുന്നേരം പൂര്‍ത്തിയായപ്പോള്‍ കളക്ടറേറ്റും പരിസരവും ക്ലീന്‍. ജില്ലയിലെ മഴക്കാല പൂര്‍വ ശുചീകരണ പ്രവര്‍ത്തനങ്ങള്‍ക്കാണ് കളക്ടറേറ്റില്‍ ജില്ലാകളക്ടര്‍ തുടക്കം കുറിച്ചത്.

വകുപ്പ് തല ഉദ്യോഗസ്ഥര്‍ മുതല്‍ ഓഫീസ് അറ്റന്‍ഡര്‍മാര്‍ വരെ കളക്ടറേറ്റിലെ മുഴുവന്‍ ജീവനക്കാരും ശുചീകരണപ്രവര്‍ത്തനങ്ങളില്‍ പങ്കാളികളായി. വ്യക്തി ശുചിത്വം മാത്രമല്ല, നമ്മുടെ വീടും പരിസരവും ശുചിയാക്കുന്നപോലെ പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കാന്‍ ഓരോ വ്യക്തിക്കും പൂര്‍ണ ഉത്തരവാദിത്വമുണ്ടെന്ന് കളക്ടര്‍ ഓര്‍മിപ്പിച്ചു. ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ ഏറ്റവും പ്രധാനഘടകം മാലിന്യത്തിന്റെ അളവ് കുറയ്ക്കുകയെന്നതാണ്. സ്വയം നമ്മളിലേക്കും, അതുവഴി സമൂഹത്തിലേക്കും മാലിന്യമുക്ത സന്ദേശം എത്തിക്കുകയെന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. മാലിന്യ നിര്‍മാര്‍ജനം ഗൗരവമായ വിഷയമായി ഏറ്റെടുത്ത് എല്ലാവരും സഹകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മഴക്കാല പൂര്‍വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ ശുചീകരണ പ്രവര്‍ത്തനങ്ങള്‍ നടത്താന്‍ സര്‍ക്കാര്‍ തീരുമാനിച്ചതിന്റെ ഭാഗമായിട്ടാണ് ഇന്നലെയും(10) ഇന്നും(11) ജില്ലയില്‍ ഉടനീളം ഊര്‍ജിത ശുചിത്വ യജ്ഞം നടത്തുന്നത്. ഇതിന്റെ ഭാഗമായി എല്ലാ സര്‍ക്കാര്‍ ഓഫീസുകളിലും ആഴ്ചയില്‍ ഒരു ദിവസം ഡ്രൈ ഡേ ആയി ആചരിക്കും. രോഗനിരീക്ഷണം, കൊതുക് നശീകരണം എന്നിവ കാര്യക്ഷമമാക്കുന്നതിനും പകര്‍ച്ചവ്യാധികള്‍ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് ശുചിത്വ പ്രവര്‍ത്തനങ്ങള്‍ ജില്ലയിലുടനീളം നടത്തുന്നത്.

ജില്ലയൊട്ടാകെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ആരോഗ്യ വകുപ്പിന്റെയും ശുചിത്വമിഷന്റെയും ഇതര വകുപ്പുകളുടേയും നേതൃത്വത്തില്‍ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെ ഇന്നലെ ശുചീകരണം നടത്തി. ഓരോ വാര്‍ഡിലെയും ശുചീകരണത്തിന് വാര്‍ഡുതല ശുചിത്വ സമിതി നേതൃത്വം നല്‍കി. ഓരോ വീട്ടിലും ഓഫീസിലും സ്ഥാപനങ്ങളിലുമുള്ളവര്‍ തങ്ങളുടെ പരിസരം ശുചീകരിച്ചു.

കളക്ടറേറ്റ് കൂടാതെ ജില്ലയിലെ പൊതു സ്ഥലങ്ങള്‍, പൊതു സ്ഥാപനങ്ങള്‍ എന്നിവ ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വൃത്തിയാക്കുന്നുണ്ട്. ജില്ലാ ശുചിത്വ മിഷന്റെ നേതൃത്വത്തില്‍ വൃത്തിയാക്കിയ കളക്ടറേറ്റ് പരിസരത്ത് മാവിന്‍തൈ നട്ടു. തൂമ്പ, മണ്‍വെട്ടി എന്നിങ്ങനെ ശുചീകരണ പ്രവര്‍ത്തനങ്ങള്‍ക്ക് ആവശ്യമായ ഉപകരണങ്ങള്‍ ശുചിത്വ മിഷന്‍, നഗരസഭ എന്നിവയുടെ നേതൃത്വത്തില്‍ സജ്ജീകരിച്ചിരുന്നു. കൂടാതെ ജീവനക്കാര്‍ക്ക് ആവശ്യമായ മാസ്ക്, ഗ്ലൗസ് എന്നിവയും ശുചിത്വ മിഷന്‍ വിതരണം ചെയ്തു.

ഇന്ന് (11) പ്രധാന പാതയോരങ്ങളിലെ മാലിന്യങ്ങള്‍ നീക്കം ചെയ്യാനുള്ള നടപടികള്‍ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങള്‍ സ്വീകരിക്കും. തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികള്‍, കുടുംബശ്രീ പ്രവര്‍ത്തകര്‍, റസിഡന്റ്സ് അസോസിയേഷന്‍ പ്രതിനിധികള്‍, ഹരിതകര്‍മ സേനാംഗങ്ങള്‍, എന്‍.എസ്.എസ്, എന്‍.സി.സി, സ്റ്റുഡന്റ്സ് പോലീസ് വോളന്റിയര്‍മാര്‍, ഉദ്യോഗസ്ഥര്‍, മറ്റ് സംഘടനകള്‍ എന്നിവര്‍ ശുചീകരണ പ്രവര്‍ത്തനങ്ങളില്‍ പങ്കാളികളാകും. ആരോഗ്യപ്രവര്‍ത്തകര്‍ പ്രദേശത്തെ വീടുകള്‍, സ്ഥാപനങ്ങള്‍, പൊതു ഇടങ്ങള്‍ എന്നിവ

സന്ദർശിച്ച് കൊതുകുകളുടെ ഉറവിടം, മാലിന്യകേന്ദ്രങ്ങൾ എന്നിവ കണ്ടെത്തി അവ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൊതുസ്ഥലങ്ങളിൽ മാലിന്യം തള്ളുന്നത് ഉൾപ്പെടെയുള്ള അനാരോഗ്യകരമായ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ നടപടികൾ തദ്ദേശസ്വയംഭരണ സെക്രട്ടറിമാരും സ്വീകരിക്കുന്നുണ്ട്. (പിഎൻപി 1118/19)

## ഇന്ന് മുതൽ പമ്പയിൽനിന്നും ത്രിവേണിയിൽ ജലമെത്തിക്കും; ജാഗ്രത പുലർത്തണം

പമ്പ ത്രിവേണി സ്നാന സരസിലെ ജലദൗലഭ്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിട്ടി ചെയർമാനും ജില്ലാ കളക്ടറുമായ പി.ബി. നൂഹ് ഉത്തരവായി. ഇതുപ്രകാരം ഇന്ന് (11/05) മുതൽ ഈസം 19വരെ പമ്പ അണക്കെട്ടിൽ നിന്നും സ്ലയിസ് വാൽവ്വഴി ജലം തുറന്നുവിടും. ഈ വെള്ളം കൊച്ചുപമ്പാ വിയറിലെ തടയണയിൽ ശേഖരിച്ചശേഷം അവിടെ സ്ഥാപിച്ചിട്ടുള്ള വാൽവിലൂടെ പ്രതിദിനം 25,000 ക്യൂബിക് മീറ്റർ എന്നതോതിൽ പമ്പാ ത്രിവേണി സ്നാന സരസിലേക്ക് തുറന്നുവിടും. പമ്പാ നദീ തീരത്ത് എത്തുന്ന തീർഥാടകരും പരിസരവാസികളും ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു. (പിഎൻപി 1119/19)

## പമ്പയിലെ മണൽ താത്ക്കാലികമായി നീക്കുന്നതിന് തീരുമാനം

പ്രളയസമയത്ത് പമ്പയിൽ അടിഞ്ഞുകൂടിയ മണൽ മഴക്കാലത്തിന് മുൻപായി താത്ക്കാലികമായി നീക്കം ചെയ്യുന്നതിന് ജില്ലാ കളക്ടർ പി ബി നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറ്റി യോഗം തീരുമാനിച്ചു. പമ്പയിലെ മണൽ നീക്കം ചെയ്യുന്നത് സംബന്ധിച്ച് വനംവകുപ്പ് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിഞ്ഞുകൂടിയ മണൽ ലേലം ചെയ്യുന്നതിനായി മണലിന്റെ വില കണക്കാക്കി ഇ- ടെൻഡർ വിളിച്ചെങ്കിലും ലേലത്തിൽ ആരും പങ്കെടുത്തില്ല. സർക്കാർ ഉത്തരവ് പ്രകാരം മണലിന്റെ വില ഒരു മീറ്റർ ക്യൂബിന് 2777 രൂപയാണ് നിശ്ചയിരുന്നത്.

ദുരന്തനിവാരണ നിയമത്തിന്റെ 34 ഡിയുടെ അടിസ്ഥാനത്തിൽ പമ്പയിലും പരിസരങ്ങളിലും അടിഞ്ഞുകൂടിയ മണൽ അടിയന്തിരമായി നീക്കം ചെയ്യാത്ത പക്ഷം കാലവർഷ കെടുതിയിൽ അപകടസാധ്യത മുൻനിർത്തി മണൽ നീക്കം ചെയ്യാൻ ചീഫ് സെക്രട്ടറി നിർദേശം നൽകി. അപകടമോ, ദുരന്തമോ ഉണ്ടായേക്കാമെന്ന് ഉറപ്പുള്ള ഘട്ടങ്ങളിൽ അവ ഒഴിവാക്കുന്നതിന് ഉത്തമമായ ഏതു സൗകര്യവും വിനിയോഗിക്കാമെന്ന് ദുരന്തനിവാരണ നിയമത്തിന്റെ 34 ഡി വ്യവസ്ഥ ചെയ്യുന്നു. നിലവിൽ രണ്ടര ലക്ഷം മീറ്റർക്യൂബ് മണലാണ് പമ്പയിലും പരിസരങ്ങളിലും അടിഞ്ഞുകൂടി കിടക്കുന്നത് എന്നാണ് പ്രാഥമിക നിഗമനം. മഴക്കാലം ആരംഭിക്കുമ്പോൾ വലിയൊരു അപകടസാധ്യത മുന്നിൽ കണ്ടാണ് ഇവ നീക്കം ചെയ്യാൻ തീരുമാനിച്ചത്. ഇതിനായി നിലവിലെ മണലിന്റെ അളവ് കണക്കാക്കാനും, ഇവ താൽക്കാലികമായി നീക്കേണ്ട സ്ഥലം കണ്ടെത്താനും, നീക്കം ചെയ്യുന്നതിന് ആവശ്യമായ വാഹനസൗകര്യം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും വനം, ജലസേചനവകുപ്പ്, ദേവസ്വം ബോർഡ്, റവന്യു, പോലീസ് എന്നിവയുടെ പ്രതിനിധികൾ അടങ്ങുന്ന സംഘത്തെ സബ് കളക്ടർ വിനയ് ഗോയലിന്റെ നേതൃത്വത്തിൽ കളക്ടർ നിയോഗിച്ചു. ശേഖരിച്ച വിവരങ്ങളുടെ റിപ്പോർട്ട് ഈ മാസം 14നകം നൽകണമെന്ന് കളക്ടർ നിർദേശിച്ചു.

ദേവസ്വം ബോർഡിന്റെ വിവിധ നിർമാണ പ്രവർത്തനങ്ങൾക്ക് ഭാവിയിൽ ഉപയോഗിക്കുന്നതിനായി ഇരുപതിനായിരം മീറ്റർക്യൂബ് മണൽ സ്വന്തം ചെലവിൽ ദേവസ്വം ബോർഡ് സന്നിധാനത്ത് എത്തിക്കും. എന്നാൽ, സർക്കാരിന്റെ നിർദേശാനുസരണം മാത്രമേ ഈ

മണൽ നിർമാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയുള്ളൂ. മണ്ണ് നീക്കുന്നതിന് ഏത് തരത്തിലുള്ള വാഹനമാണ് ഉപയോഗിക്കേണ്ടത്, എത്ര വാഹനങ്ങൾ വേണം, ഈ വാഹനങ്ങളുടെ ഗതാഗത നിരക്ക് എന്നിവ അടങ്ങുന്ന റിപ്പോർട്ട് സമർപ്പിക്കാൻ ആർ ടി ഒയ്ക്ക് നിർദേശം നൽകി. മണൽ കൊണ്ടുപോകുന്ന വാഹനങ്ങളുടെ കൃത്യമായ വിവരശേഖരണം നടത്തുന്നതിന് നിലയ്ക്കലിൽ പോലീസിന്റെയും, വനംവകുപ്പിന്റെയും നേതൃത്വത്തിൽ താൽക്കാലികമായി ചെക്ക് പോസ്റ്റുകളും സ്ഥാപിക്കും. നീക്കം ചെയ്യേണ്ട മണൽ, നിക്ഷേപിക്കേണ്ട സ്ഥലം എന്നിവ പരിശോധിക്കുന്നതിനായി സബ് കളക്ടർ വിനയ് ഗോയലിന്റെ നേതൃത്വത്തിൽ തിരുവതാംകൂർ ദേവസ്വം ബോർഡ്, ജലസേചനവകുപ്പ്, റവന്യു വകുപ്പ്, വനം വകുപ്പ് എന്നിവർ അടങ്ങുന്ന സംഘത്തെ കളക്ടർ നിയോഗിച്ചു.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പോലീസ് മേധാവി ജി ജയദേവ്, തിരുവല്ല സബ് കളക്ടർ വിനയ് ഗോയൽ, എഡിഎം ക്ലമന്റ് ലോപ്പസ്, ഡിഎംഒ(ആരോഗ്യം) ഡോ.എ.എൽ. ഷീജ, പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസർ എം. പ്രീത, ജില്ലാ ഫയർ ഓഫീസർ എം.ജി. രാജേഷ് വിവിധവകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 1120/19)

## വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സെമിനാർ

ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ എസ്എസ്എൽസി/ പ്ലസ്ടു കഴിഞ്ഞ വിദ്യാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കുമായി ഏകദിന സെമിനാർ 16ന് രാവിലെ 10ന് പത്തനംതിട്ട ടൗൺഹാളിൽ നടക്കും.

വിദ്യാർഥികളുടെ അഭിരുചിക്കും താൽപര്യത്തിനും അനുസരിച്ച് ഏത് കോഴ്സ് തെരഞ്ഞെടുക്കണം, തൊഴിൽ സാധ്യതകൾ എന്നിവ സംബന്ധിച്ച് സെമിനാർ ദിശാബോധം പകരും. പ്രഗൽഭരായ അധ്യാപകർ സെമിനാർ നയിക്കുമെന്ന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. (പിഎൻപി 1121/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ജില്ലയിലെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്ക് കളക്ടറേറ്റിൽ ജില്ലാകളക്ടർ പി.ബി. നൂഹ് തുടക്കം കുറിക്കുന്നു.

2) ജില്ലയിലെ മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി കളക്ടറേറ്റ് പരിസരം ജില്ലാകളക്ടർ പി.ബി. നൂഹിന്റെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ശുചീകരിക്കുന്നു.

3) ജില്ലാ റിസോഴ്സ് ഗ്രൂപ്പ് പരിശീലനം തിരുവല്ല ഡയറ്റിൽ വിദ്യാഭ്യാസ ഉപഡയറക്ടർ പി.എ.ശാന്തമ്മ ഉദ്ഘാടനം ചെയ്യുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| മേയ് 10<br>May 10 | 2019 |
|---|---|

*1193 മേടം 26* വെള്ളി

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ഒറ്റത്തവണ പ്രമാണ പരിശോധന**

പത്തനംതിട്ട ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി, കാറ്റഗറി നമ്പർ 277/17) തസ്തികയ്ക്കായുള്ള ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായുള്ള ഒറ്റത്തവണ പ്രമാണ പരിശോധന 14ന് രാവിലെ 10.30ന് പത്തനംതിട്ട ജില്ലാ പിഎസ്സി ഓഫീസിൽ നടക്കും. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾ പത്തനംതിട്ട ജില്ലാ പിഎസ്സി ഓഫീസിൽ നേരിട്ട് ഹാജരായി ഒറ്റത്തവണ പ്രമാണ പരിശോധന പൂർത്തിയാക്കണം. ഫോൺ: 0468-2222665. (പിഎൻപി 1122/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**